**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2062** — **11.06.2018-ൽ മറുപടിക്ക്**

## കെവിന്റെ കൊലപാതകത്തിൽ കുറ്റവാളികളായവർക്കെതിരെ കർശന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, പി.ടി. തോമസ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രണയവിവാഹം കഴിച്ച നട്ടാശ്ശേരി എസ്.എച്ച് മൗണ്ടിൽ കെവിൻ പി.ജോസഫിനെ മേയ് 27-ാം തീയതി സായുധ സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ഇത് സംബന്ധിച്ച് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം നം.745/18 u/s 450, 427, 323, 365, 302, 120(B) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് 14 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ്സ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നതുമാണ്. |
| (ബി) കെവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഡി.വൈ.എഫ്.ഐ.യുടെ സജീവ പ്രവർത്തകർ ഉണ്ടായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കെവിനെ വീട് കയറി ആക്രമിച്ച് തട്ടിക്കൊണ്ടുപോയി എന്ന് പരാതിപ്പെട്ട കെവിന്റെ പിതാവിന്റെയും, ഭാര്യ നീനുവിന്റെയും പരാതി ഗാന്ധിനഗർ പോലീസ് സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) പരാതി സ്വീകരിക്കാതിരുന്നതും കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങാൻ കാലതാമസം വന്നതും അന്വേഷണപരിധിയിൽ ഉൾപ്പെടുന്നുണ്ട്. |
| (ഡി) പോലീസിന് മുഖ്യമന്ത്രിയുടെ സുരക്ഷാചുമതലയുള്ളതിനാൽ പ്രസ്തുത ഡ്യൂട്ടി കഴിഞ്ഞശേഷം മാത്രമേ പരാതി സ്വീകരിക്കാൻ കഴിയൂ എന്ന് പറഞ്ഞ് ഒഴിഞ്ഞത് ദളിത് വിഭാഗത്തിൽപ്പെട്ടവരോടുള്ള പോലീസിന്റെ മനോഭാവത്തെയാണോ സൂചിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) പോലീസ് അത്തരം മനോഭാവത്തോടെ പെരുമാറിയിട്ടുള്ള കാര്യത്തിലും അന്വേഷണം നടന്നുവരുന്നു. |
| (ഇ) ഈ കേസിൽ കുറ്റവാളികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) ടി കേസ്സിലെ കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നടപടി കൈക്കൊണ്ടിട്ടുണ്ട്. വകുപ്പ് തലത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ